# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 4016 — 21-10-2016 ൽ മറുപടിയ്ക്ക്

### തുറമുഖങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനായി കൊല്ലം, വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിലെ ചെറുതുറമുഖങ്ങളെ വികസിപ്പിക്കുന്നതിനുള്ള പുതിയ ഉദ്യമങ്ങൾ സ്വീകരിക്കുമെന്ന് 24-06-2016 ലെ നിയമസഭയിലെ പ്രസംഗത്തിൽ ഗവർണ്ണർ പ്രസ്താവിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതു പ്രകാരം നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെൻറിന് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് കണ്ടെയ്നർ / പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, ലക്ഷദ്വീപ് ഭരണകൂടത്തിന് മാത്രമായി ബർത്ത് നിർമ്മാണം, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ